PROCEEDINGS OF THE TRAVANCORE-COCHIN
LEGISLATIVE ASSEMBLY

FIRST SESSION—1950

Thursday, *the 13th April 1950*

Vol. I] OFFICIAL REPORT [No. 27

The Assembly met in the Legislative Chamber, Trivandrum, at 9 of the Clock, on Thursday, the 13th April 1950, with Mr. Speaker in the Chair.

LEGISLATIVE BUSINESS

Hindu Religious Institutions Bill.—*(cont.)*

Clause 4

Sri. Mannar Gopalan Nair: I move that :

"In clause 4, sub-clause (1) line 3, delete the words 'Ruler of Travancore' and substitute the word 'Rajpramukh'.

സർ, ഈ ഭേഗതിയുടെ ആവശ്യമില്ലെന്നും ഈ വകുപ്പ് കവനൻറിലെ വ്യവസ്ഥക ളെ ആസ്പദമാക്കി "റൂളർ ആഫ് ട്രാവൻകൂർ" എന്ന വച്ചിരിക്കുകയാണെന്നും ഒരുപക്ഷെ ചീഫ് മിനിസ്റ്റർ പറയുമായിരിക്കാം. എന്നാൽ ഇൻഡ്യൻഭരണഘടന നിലവിൽവന്ന തിനുശേഷം തിരുവിതാംകൂറിനും കൊച്ചിക്കും റൂളറന്മാർ ഉണ്ടോ എന്ന സംശയമാണ്. അതുകൊണ്ട് "റൂളർ ആഫ് ട്രാവൻകൂർ" എന്നുള്ളതു മാറി അതിനുപകരം "രാജപ്രമുഖൻ" എന്ന ചേർക്കേണ്ടതാണ്. അതിനെ ആസ്പദമാക്കി ഒരു വലിയ പ്രസംഗം ചെയ്യേണ്ട ആവ ശ്യമുണ്ടെന്നു തോന്നുന്നില്ല. പ്രധാനമന്ത്രി എന്റെ ഭേഗതി സ്വീകരിക്കുമെന്നു വിശ്വ സിക്കുന്നു.

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): സർ, ഞാൻ ഈ ഭേഗതിയെ എതിർക്കുന്നു. റൂളർ എന്നുള്ളതു ഭരണഘടനയിൽതന്നെ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. അതു ഫസ്റ്റ് ഷെഡ്യൂൾ-ാം വശത്താണ്.

"Ruler" in relation to an Indian State means the Prince, Chief or other person by whom any such covenant or agreement as is referred to in clause (1) of article 291 was entered into and who for the time being is recognised by the President as the Ruler of the State, and includes any person who for the time being is recognised by the President as the successor of such Ruler ;"

അതുമാത്രമല്ല കവനൻറിലെ വ്യവസ്ഥയനുസരിച്ചും തിരുവിതാംകൂറിനും കൊച്ചിക്കും ഓരോ റൂളറന്മാരുണ്ട്. രാജപ്രമുഖൻ എന്നുള്ളതു തിരുവിതാംകൂർ-കൊച്ചി സംസ്ഥാന ത്തിനു പൊതുവായിട്ടുള്ളതാണ്. തിരുവിതാംകൂറിലെ ദേവസ്വങ്ങളെ സംബന്ധിച്ചു തിരു വിതാംകൂർ മഹാരാജാവിനു അവകാശങ്ങളും അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്. അക്കാരണത്താലാണ് റൂളർ ആഫ് ട്രാവൻകൂർ എന്ന വ്യവസ്ഥ ചെയ്തിരിക്കുന്നതു. അതി നാൽ ഈ ഭേഗതി അനാവശ്യമാണ്. ഞാൻ ഇതിനെ എതിർക്കുന്നു.

The amendment was put and lost.

Sri. Mannar Gopalan Nair: I move the following amendment :

"In clause 4, sub-clause 1, line 3, after "Travancore" delete the rest and add the words 'and the other two elected under rules framed by a Council of Hindus constituted by election on the basis of adult franchise'."

സർ, ഇന്നലെ ശ്രീ. താണുപിള്ള അവർകളും ഇവിടെ ഹാജരാക്കിയ ഭേഗ തികളുടെ തത്വം ഇതിൽ അന്തർഭവിച്ചിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ അദ്ദേഹം നിർദ്ദേശിച്ചിട്ടുള്ള ചില പ്രായോഗിക മാർഗ്ഗങ്ങളിൽകൂടിയല്ല ഞാൻ ഈ ഭേഗതി കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നതു. അതുകൊണ്ടാണ് വീണ്ടും ഈ ഭേഗതി

LIBRARY ARCHIVES Kerala Legislative Assembly

[Sri. Mannar Gopalan Nair]

കൊണ്ടുവരുവാൻ ഞാൻ ധൈര്യപ്പെടുന്നതു്, അല്ലാതെ ഇതു സ്വീകരിക്കുമെന്നുള്ള അർത്ഥത്തിലല്ല. എന്തുകാരണം പറഞ്ഞാലും കവനൻറിനെ പൊക്കിപ്പിടിച്ചുകൊണ്ടു് അതു നിലവിലിരിക്കുന്ന എന്ന കാരണത്താൽ ഒരു ഭേദഗതിയും ചെയ്യാൻ നിവർത്തിയില്ലെന്ന വാദഗതിയാണു് സാധാരണയായി ചീഫ് മിനിസ്റ്റർ കൊണ്ടുവരുന്നതു്. ശ്രീ. താണുപിള്ള അവർകൾ പറഞ്ഞതുപോലെ ഇന്നു ഈ കവനൻറ നിലവിലിരിക്കുന്നില്ല എന്ന ഒരു ശങ്കയുടെ പുറത്താണു് ഈ സഭയിലെ ഈ വിഭാഗത്തിൽപ്പെട്ട അംഗങ്ങൾക്കുള്ളതു്. ഒരു രാഷ്ട്രീയപ്രമാണം എന്ന നിലയിൽ ഇന്നു കവനൻറ നിലവിലിരിക്കുന്നുണ്ടോ എന്നു് ഞാൻ ചോദിച്ചുകൊള്ളുന്നു.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഇന്നലെ രണ്ടാം വകുപ്പിലെ ഭേദഗതി സ്വീകരിച്ചുസ്ഥിതിക്കു് അതിനു എതിരായി ഒരു ഭേദഗതി കൊണ്ടുവരുന്നതു ആർഡറിലാണോ എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സ്പീക്കർ: ഈ ഭേദഗതി അസ്ഥാനത്താകുമെന്നില്ല. പ്രായപൂർത്തിവോട്ടനുസരിച്ചു തിരഞ്ഞെടുക്കപ്പെട്ട ഹിന്ദുക്കളുടെ ഒരു കൌൺസിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾ പ്രകാരം രണ്ടു ബോർഡുമെമ്പറന്മാരെ തിരഞ്ഞെടുക്കണം എന്നാണു് ഈ ഭേദഗതി. ഈ ചട്ടങ്ങൾ കവനൻറിനു് വിരുദ്ധമായിരിക്കണമെന്നില്ല. കവനൻറിൽ ആരാണു് തിരഞ്ഞെടുക്കേണ്ടതു എന്ന മാത്രമേ വ്യവസ്ഥയുള്ളൂ. ആ തിരഞ്ഞെടുപ്പുസംബന്ധമായി കവനൻറിനു് വിരുദ്ധമല്ലാതെ തന്നെ പല സംഗതികളും വ്യവസ്ഥ ചെയ്യാവുന്നതുണ്ടു്. ഭേദഗതി മൂവ് ചെയ്യാവുന്നതാണു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഇതു ഇവിടെ അനുവദിക്കാമോ എന്നുള്ളതാണു് എൻറെ പോയിൻറ് ഓഫ് ആർഡർ.

ശ്രീ. മന്നാർ ഗോപാലൻനായർ: അതു എൻറെ ബഹു: സ്നേഹിതൻറെ നിയമപരിജ്ഞാനത്തിൻറെ കുറവുകൊണ്ടു് ഉണ്ടായിട്ടുള്ളതാണു്.

മിസ്റ്റർ സ്പീക്കർ: നിയമപരിജ്ഞാനം ഏതു മെമ്പർക്കാണു് കുറവുള്ളതെന്നു നിശ്ചയിക്കാൻ ഈ സഭക്കു് സാവകാശമോ അവകാശമോ ഇല്ല. അതുകൊണ്ടു് അക്കാര്യത്തിലേക്കു പ്രവേശിക്കേണ്ട ആവശ്യമില്ല. കവനൻറ നിലവിലുണ്ടോ ഇല്ലയോ എന്നു് ഈ ഭേദഗതി പ്രത്യക്ഷമായി പ്രതിപാദിക്കുന്നില്ല. ഭേദഗതി കൊണ്ടുവരികയും അനുകൂലിച്ചു പ്രസംഗിക്കുകയും ചെയ്യുവാനുള്ളതുപോലെതന്നെ അതിനെ എതിർക്കുകയും അതു് അനുവദിക്കത്തക്കതല്ലെന്നു വാദിക്കയും ചെയ്യുവാൻ മെമ്പറന്മാർക്കു് അവകാശമുണ്ടു്.

ശ്രീ. മന്നാർ ഗോപാലൻനായർ: പകൽ ആനയെ കണ്ടിട്ടു പേടിച്ചു രാത്രിയിൽ കട്ടിലിൻ ഉറക്കത്തിൽ ആനവരുന്ന എന്നു പറഞ്ഞു നിലവിളിക്കുന്നതുപോലെയാണു് ഇതു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്. കവനൻറിൽതന്നെ ഈ മെമ്പറന്മാരെ എങ്ങിനെ തിരഞ്ഞെടുക്കണമെന്നു് വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഏതുതരത്തിൽ തിരഞ്ഞെടുക്കണമെന്നുള്ള വ്യവസ്ഥ പാസ്സാക്കിയതുകൊണ്ടു് ഈ ഭേദഗതി ഇവിടെ ആവശ്യമുണ്ടോ?

ശ്രീ. മന്നത്തു പത്മനാഭൻ: സ്പീക്കർ റൂൾ ചെയ്തതിനെപ്പറ്റിയാണോ പിന്നെയും ചോദിക്കുന്നതു്?

മിസ്റ്റർ സ്പീക്കർ: ആരാണു് തിരഞ്ഞെടുക്കുന്നതെന്നു മാത്രമേ കവനൻറിൽ വ്യവസ്ഥയുള്ളൂ. ഭേദഗതി മൂവ് ചെയ്യാൻ അനുവാദമുണ്ടു്.

ശ്രീ. മാന്നാർ ഗോപാലൻനായർ: രാത്രിയിൽ ഉറക്കത്തിൽ ആന വരുന്ന എന്നു പറയുന്നതുപോലെ ഏതുകാര്യത്തിലും കവനൻറിൽ അങ്ങിനെയുണ്ടു്, അതുകൊണ്ടു് ഇതിൽ വ്യത്യാസം ചെയ്യാൻ നിവർത്തിയില്ല എന്നാണു് ഇവിടെ എപ്പോഴും വാദിച്ചുകാണുന്നതു്. ഇന്നു കവനൻറെന്നുള്ളതു് ഭാവനയിൽമാത്രം സ്ഥിതിചെയ്യുന്ന ഒരു പ്രമാണമാണു്. ഇൻഡ്യൻഭരണഘടനയുടെ ആവിർഭാവത്തോടുകൂടി കവനൻറ് ഇല്ലാതായിത്തീരുകയും ഭാരതത്തിനു് പൊതുവെ നിയമനിർമ്മാണം ചെയ്യുന്നതിനു് നിയമസഭകൾക്കു് അധികാരം കൊടുത്തിരിക്കുന്നതുമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: That line of argument is not allowed. In the light of clauses 2 (*a*) passed by the House the member can not go into the merits of the covenant.

ശ്രീ. മന്നാർ ഗോപാലൻനായർ : അതുകൊണ്ട് എനിക്ക് ഈ ഭേഗതി മൂലം ആവശ്യപ്പെടുവാനുള്ളത് യാതൊരു ജനായത്തതത്വങ്ങൾക്കും അനുകൂലമല്ലാത്ത ഒരു തിരഞ്ഞെടുപ്പ് ഈ ബോർഡിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ സ്വീകരിക്കാൻ പാടില്ലെന്നുള്ളതാണ്. ആ രീതിമാറ്റി ജനായത്തസിദ്ധാന്തങ്ങൾക്ക് അനുകൂലമായ ഒരു പരിതസ്ഥിതി സൃഷ്ടിച്ച് അതിന്റെ അടിസ്ഥാനത്തിൽ ബോർഡ് അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടത്തണമെന്നുള്ള സംഗതിയാണ് എനിക്ക സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനുള്ളത്. ഇന്ന നിലവിലിരിക്കുന്ന വ്യവസ്ഥയനുസരിച്ച് അംഗങ്ങളിൽ ഒരാളെ റൂളർ ആഫ് ട്രാവൻകൂർ നോമിനേറ്റ ചെയ്യുകയും മറ്റ രണ്ടംഗങ്ങളിൽ ഒരാളെ മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങളും, ഒരാളെ നിയമസഭയിലെ ഹിന്ദു അംഗങ്ങളും തിരഞ്ഞെടുക്കുകയുമാണചെയ്യുന്നത്. മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങൾ ഒരാളെ തിരഞ്ഞെടുത്തു കഴിഞ്ഞാൽ അവക്ക് വീണ്ടും മറെറാരു കപ്പാസിറ്റിയിൽ മറെറാരംഗത്തെക്കൂടി തെരഞ്ഞെടുക്കുവാൻ സൗയ്പ്പെടത്തക്ക വിധത്തിലുള്ള ഒരു ഡബ്ബിൾ വോട്ടിംഗ് വ്യവസ്ഥ മന്ത്രിമാക്ക നൽകിയിട്ടുണ്ട്. ഇപ്രകാരം ഒരു പ്രത്യേക അവകാശം മന്ത്രിമാക്ക നൽകുന്നതിനുള്ള കാരണം എന്താണെന്ന എനിക്ക മനസ്സിലാകുന്നില്ല. അതുകൊണ്ട ഈ വ്യവസ്ഥ മാറേറണ്ടതുതന്നെയാണ്. അഥവാ ഇതു തുടർന്നാൽ തന്നെയും നിയമസഭയിലെ ഹിന്ദു മെമ്പറന്മാർ നടത്തുന്ന തിരഞ്ഞെടുപ്പിൽ മന്ത്രിമാക്ക വോട്ടചെയ്യുവാൻ അവകാശമുണ്ടായിരിക്കുന്നതെന്നുള്ള തത്വം തീർച്ചയായും അംഗീകരിക്കേണ്ടതാണ്. പക്ഷെ അതല്ല എന്റെ ഉദ്ദേശം. തിരുവിതാംകൂറിലെ ഹിന്ദുക്കളുടെ ഇടയിൽനിന്നും പ്രായപൂർത്തി വോട്ടവകാശാധിഷ്ഠാനത്തിന്മേൽ തിരഞ്ഞെടുക്കപ്പെട്ട ഒരു കൗൺസിലിൽനിന്ന വേണം ബോർഡ് അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടത്. അതാണ് പ്രജായത്തസിദ്ധാന്തങ്ങൾക്ക അനുയോജ്യമായ രീതി.

Mr. Speaker: The member is again questioning the provision made in clause 2 (a) which has been accepted by the House. Further the amendment tabled by the Hon'ble member only says that the election of two Board members should be conducted under rules framed by a council of Hindus and not that such a council should elect the Board members though the amendment as such does not question the validity of the Covenent and the provision in clause 2 (a) the members speech in support of the amendment does. That cannot be allowed.

ശ്രീ. മന്നാർ ഗോപാലൻ നായർ : എന്റെ ഭേഗതിതന്നെ അതാണ്.

മിസ്റ്റർ സ്പീക്കർ : ഭേഗതി അതല്ല. പ്രസംഗം ഭേഗതിയെ അതിലംഘിക്കുന്ന ഈ സഭയിൽ വാദപ്രതിവാദം നടത്തി തീരുമാനമെടുത്ത സംഗതിയെ ചോദ്യം ചെയ്യുവാൻ പാടില്ല.

ശ്രീ. മന്നാർ ഗോപാലൻ നായർ : അങ്ങിനെ പറയുവാൻ പാടില്ലെങ്കിൽ പറയുന്നില്ല.

ശ്രീ. എം. ഐ. പാഠം : ചെയറിൽ ഇരുന്നുകൊണ്ട് സ്പീക്കർ മെമ്പറന്മാക്ക് നിർദ്ദേശം നൽകുന്നത് പാർലമെന്ററിയാണോ?

മിസ്റ്റർ സ്പീക്കർ : ഇരുന്നുകൊണ്ട് നിർദ്ദേശം കൊടുക്കാവുന്ന കാര്യങ്ങളിലും സന്ദർഭങ്ങളിലും അങ്ങിനെ ചെയ്യുന്നതിൽ തെറ്റില്ല. എന്തായാലും അതിനെ ചോദ്യം ചെയ്യുവാനും മെമ്പർ അതിനു ഉപയോഗപ്പെടുത്തിയ മാർഗ്ഗവും സന്ദർഭവും ശരിയാണെന്ന തോന്നുന്നില്ല. അതുകൊണ്ട സഭയുടെ നടപടികളെ അല്പമെങ്കിലും വിഘ്നപ്പെടുത്തുകയായിരുന്നു. അതു സഭയോടുള്ള ഒരു അവഹേളനമാണ്.

ശ്രീ. എം. ഐ. പാഠം : ഞാൻ ചോദ്യം ചെയ്തില്ല.

മിസ്റ്റർ സ്പീക്കർ : സ്പീക്കറുടെ നടപടി ശരിയാണോ എന്നു ചോദ്യംചെയ്തു. സഭയുടെ മറ്റുനടപടികൾക്ക് വിഘ്നം നേരിടുവിച്ചു. മെമ്പർ അങ്ങിനെ ചെയ്തതു തെറ്റാണെന്ന സമ്മതിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ഐ. പാഠം : തെറ്റാണെന്ന സ്പീക്കർ പറഞ്ഞാൽ ഞാൻ സമ്മതിക്കാം.

മിസ്റ്റർ സ്പീക്കർ : തെറ്റാണെന്ന് മെമ്പർക്ക് ബോദ്ധ്യം ഉണ്ടെങ്കിൽ തെറ്റാണെന്ന സമ്മതിക്കുകയും സഭയോട് ക്ഷമായാചനം ചെയ്യുകയും ചെയ്യുമോ?

ശ്രീ. എം. ഐ. പാഠം : തെറ്റാണെന്ന സമ്മതിക്കുകയും സഭയോട് ക്ഷമായാചനം ചെയ്യുകയും ചെയ്യുകൊള്ളുന്നു.

ശ്രീ. ടി. കെ. നാരായണപിള്ള : ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

Sri. P. S. Nataraja Pillai : I would like to bring to the notice of the Chair my amendments Nos. 70 and 71. These also relate to clause 4. All of them may be discussed together and voted upon. That will save time.

ശ്രീ. എ. കെ. പാച്ചുപിള്ള : സർ, ഞാനും ഇതിനെ സംബന്ധിച്ചുതന്നെ ഒന്നു രണ്ടു ഭേദഗതികളുയച്ചിട്ടുണ്ട്. അതായത് (1)–ം, (2)–ം നമ്പ് ഭേദഗതികൾ. അവയും കൂടി ഇതോടൊന്നിച്ചു എടുക്കുന്നതു് സൗകര്യമായിരിക്കും.

Mr. Speaker : All these amendments relate to the same matter, I think.

Sri. P. S. Nataraja Pillai : Yes, Sir. All these relate to clause 4 (1). Amendment No. 58 is not an alternative, Sir,. It stands on a different footing. A reading will show it is substantially different. But it deals with clause 4 sub-clause (1).

Sri. T. K. Narayana Pillai : This amendment of Mr. Gopalan Nair may be voted upon and after that the consideration of Mr. Natarja Pillai's amendment may be taken.

Mr. Speaker : Yes.

ശ്രീ. ടി. കെ. നാരായണപിള്ള : സർ, ശ്രീ മന്നാർ ഗോപാലൻ നായർ ഹാജരാക്കിയിരിക്കുന്ന ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു. ബില്ലിലെ രണ്ടാം വകുപ്പിനു് ശ്രീ. കെ. പി. നീലകണ്ഠപിള്ള അവതരിപ്പിച്ച ഭേദഗതി ഈ സഭ നേരത്തെതന്നെ സ്വീകരിച്ചിട്ടുണ്ടു്. ആ ഭേദഗതി സ്വീകരിച്ചതോടുകൂടി കവനൻറിലെ വ്യവസ്ഥകൾക്കു് വിധേയമായിട്ടാണു് ദേവസ്വം ബോർഡു് സംഘടിപ്പിക്കേണ്ടതു് എന്ന തത്വം നാം സ്വീകരിച്ചു കഴിഞ്ഞു. ആ തത്വത്തിനു വിപരീതമായിട്ടുള്ള ഒരു ഭേദഗതിയാണു ഇതു്. അതുകൊണ്ടു് ഇതു സ്വീകരിക്കാൻ നിർവാഹമില്ല.

ശ്രീ. കെ. പി. നീലകണ്ഠപിള്ള : ഈ ബില്ലുതന്നെ കവൻറിലെ വ്യവസ്ഥകൾ അനുസരിച്ചാണോ ഉണ്ടാക്കിയിട്ടുള്ളതു്?

ശ്രീ. മന്നത്തു പത്മനാഭൻ : കവനൻറിലെ വ്യവസ്ഥകൾക്കു് വിപരീതമായി.....

മിസ്റ്റർ. സ്പീക്കർ : ഒരു ചോദ്യം ഇപ്പോൾ സഭയുടെ മുമ്പിലുണ്ടു്. അതിനു ഉത്തരം നൽകിക്കഴിഞ്ഞ ശേഷം അടുത്ത ചോദ്യം അനുവദിക്കാം.

ശ്രീ. ടി. കെ. നാരായണപിള്ള : ഈ ചോദ്യത്തിനു മുമ്പുതന്നെ ഉത്തരം പറഞ്ഞു കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. കെ. പി. നീലകണ്ഠപിള്ള : ഈ ചോദ്യത്തിനു ഇതിനു മുമ്പു് ഒരിക്കലും ഉത്തരം നൽകിയതായി ഞാൻ ഓർക്കുന്നില്ല. ഈ ബില്ലു് കവൻറിലെ വ്യവസ്ഥകൾ അനുസരിച്ചു് ഉണ്ടാക്കിയിട്ടുള്ളതാണോ എന്നാണു എൻറെ ചോദ്യം. ഉത്തരം നൽകിയിട്ടുണ്ടെന്നു് പറയുന്നതു വേറെ വല്ല ചോദ്യത്തിനുമായിരിക്കാം.

ശ്രീ. ടി. കെ. നാരായണപിള്ള . ആ വിവരം ബില്ലും കവനൻറും വായിച്ചു നോക്കിയാലറിയാം.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: ചോദ്യം ശരിയായി മനസ്സിലാക്കിയില്ലെന്നു തോന്നുന്നു. ബോർഡു് ഉണ്ടാക്കാൻ പോകുന്നതു് കവനൻറിലെ വ്യവസ്ഥകളനുസരിച്ചാണു്. എന്നാൽ ബില്ലു ഉണ്ടാക്കിയിരിക്കുന്നതു് കവനൻറിലെ വ്യവസ്ഥകളനുസരിച്ചാണോ എന്നാണു് എൻറെ ചോദ്യം.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: That question has already been answered by the Minister. The question relates to a matter that can be verified by a perusal of the Covenant and the Bill which are both available to the member. The Minister's opinion on the matter need not be ascertained.

ശ്രീ. മന്നത്തു പത്മനാഭൻ: അങ്ങനെയാണെങ്കിൽ കവനൻറിലെ വ്യവസ്ഥകൾക്കു വിപരീതമായി ബില്ലിലുള്ള വ്യവസ്ഥകൾ പിൻവലിക്കാൻ ചീഫ് മിനിസ്റ്റർ തയ്യാറാണോ എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സ്പീക്കർ: അക്കാര്യം കവനൻറിലെ വ്യവസ്ഥകൾക്കു വിപരീതമായവ്യവസ്ഥകൾ വരുമ്പോൾ ആലോചിക്കാം. ഈ അവസരത്തിൽ സഭയുടെ മുമ്പിലുള്ള വകുപ്പിനെപ്പറ്റി മാത്രം പര്യാലോചിച്ചാൽ മതിയാകും.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: എന്തോ ചോദിക്കാൻ എഴുന്നേറ്റു.

മിസ്റ്റർ. സ്പീക്കർ: എന്താണ് ചോദിക്കാൻ ഭാവിച്ചത് ?

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: ഉത്തരം പറയാത്ത മന്ത്രിമാരോട് ചോദ്യം ചോദിക്കണമെന്നു വിചാരിക്കുന്നില്ല. അതുകൊണ്ടാണ് എഴുന്നേറ്റെങ്കിലും ചോദ്യം ചോദിക്കാതെ ഇരുന്നുകളഞ്ഞത്. മന്ത്രിമാരുടെ ഈ മാതിരിയുള്ള പ്രവൃത്തികൾക്ക് അങ്ങു ദയവു ചെയ്തു അവരുടെമേൽ നടപടി നടത്തണമെന്നു അപേക്ഷിക്കുന്നു. (ചിരി)

The amendment moved by Sri. Mannar Gopalan Nair was put and lost.

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, 8(1)–ാം, 8 (2)–ാം നമ്പർ ഭേദഗതികൾ 5–ാം വകുപ്പ് 4–ാം ഉപവകുപ്പിനെപ്പറ്റിയുള്ളതാണ്. അതു രണ്ടുംകൂടി ഒരുമിച്ചു സ്പീക്കർ അവർകളുടെ അനുവാദത്തോടുകൂടി ഹാജരാക്കാമെന്നു വിചാരിക്കുന്നു.

Sri. K.P. Nilakanta Pillai: These two amendments cannot be moved together because they involve two different principles.

Sri. A. K. Pachu Pillai: Sir, I move:

"In Clause 4 (1), line 6, take off the full stop after 'Cochin' and add 'elected from out of the territory known as Travancore prior to the first day of July 1949"

സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിലേയ്ക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്ന ആളുകൾ ഫസ്റ്റ് ജൂലൈ 1949–ാം തീയതിക്കുമുമ്പ് തിരുവിതാംകൂർ എന്നു അറിയപ്പെട്ടിരുന്നതായ സ്ഥലത്തുനിന്നുമുള്ള അസംബ്ലി മെംബറന്മാർ ആയിരിക്കണമെന്നുള്ളതാണ് 8(1)–ാമത്തെ ഭേദഗതിയുടെ ചുരുക്കം. തിരുവിതാംകൂറിനും കൊച്ചിക്കുംപ്രത്യേകം രണ്ടുബോർഡുകൾ ഉണ്ടായിരിക്കുമെന്ന വ്യവസ്ഥ നാം സ്വീകരിച്ചിട്ടുണ്ട്. തിരുവിതാംകൂർ ബോർഡിലും, കൊച്ചിബോർഡിലും പ്രത്യേകംപ്രത്യേകം മെംബറന്മാരായിരിക്കും ഉണ്ടായിരിക്കുന്നതു് എന്നുള്ള വ്യവസ്ഥയും ബില്ലിൽ സ്വീകരിച്ചിട്ടുണ്ട്. ആ സ്ഥിതിക്കു് ഈ തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒരുമിച്ചുചേർന്നു് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതാണെന്നു് വ്യവസ്ഥ ചെയ്യുന്നതു് അനാവശ്യവും അസ്ഥാനത്തുള്ളവുമാണു്. അതുകൊണ്ടു തിരുവിതാംകൂർ ബോർഡിലേക്കു് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതു് തിരുവിതാംകൂറിലെ അംഗങ്ങൾ മാത്രം ചേർന്നും, കൊച്ചിബോർഡിലേയ്ക്കു് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതു് കൊച്ചി മെമ്പറന്മാർ മാത്രം ചേർന്നും ആയിരിക്കണമെന്നാണു് എന്റെ ഭേദഗതികൊണ്ടു് ഞാൻ ആവശ്യപ്പെടുന്നതു്. ഘടനയിലും ഭരണപരമായും രണ്ടു ബോർഡുകളും പ്രത്യേകംപ്രത്യേകമായിരിക്കുമെന്നു് ബില്ലിൽ വ്യക്തമായി വ്യവസ്ഥപ്പെടുത്തിയിട്ടുള്ള സ്ഥിതിക്കു് തിരുവിതാംകൂർ–കൊച്ചിയിലെ എല്ലാ മെംബറന്മാരും ചേർന്നിരുന്നു് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അംഗങ്ങളെ തിരഞ്ഞെടുക്കണമെന്നു് വ്യവസ്ഥ ചെയ്യുന്നതു് ഭരണപരമായി നോക്കിയാലും, ബില്ലിലെ വ്യവസ്ഥപ്രകാരം ബോർഡിന്റെ ഘടനയനുസരിച്ചുനോക്കിയാലും അബദ്ധമാണു്, അപകടകരവുമാണു്. അതു് ഒരു സ്ഥലത്തുള്ള ആളുകളുടെ 'മാവർ വോട്ടിംഗ്' കൊണ്ടു് മറ്റൊരു സ്ഥലത്തെ ആളുകളുടെ താല്പര്യത്തേയും അവകാശത്തേയും നിഹനിക്കുന്നതിനും അപകടപ്പെടുത്തുന്നതിനും ഇടയാകും. അത്തരം അപകടങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും, ഞാൻ നേരത്തെ പറഞ്ഞതുപോലെ ഒരു താത്പര്യത്തെ മുൻനിറുത്തിയുമാണു്. ഈ ഭേദഗതി ഹാജരാക്കിയിരിക്കുന്നതു്. ഈ ഭേദഗതി വളരെ ആവശ്യമാണു്. സഭ ദയവുചെയ്തു് അതു് സ്വീകരിക്കണമെന്നു് അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഞാൻ ഈ ഭേദഗതിയേയും എതിർക്കുന്നു.

Sri. P. S. Nataraja Pillai: Sir, before that amendment is discussed and put to vote, I submit to the Chair for consideration whether if that amendment is accepted it will not block my amendment, *viz.*, Amendment No. 70.

Mr. Speaker: So, what does the Hon'ble member suggest?

Sri. P. S. Nataraja Pillai: I may be allowed to move amendments Nos. 70 and 71. After my amendments are voted upon other amendments amending the existing wording may be taken up. As my amendment is more comprehensive it may be allowed earlier.

Mr. Speaker: Yes. The member may move those amendments.

Sri. P. S. Nataraja Pillai: Sir, I beg to move the following amendments.—

"In clause 4, omit the words 'only the Hindus among.....Cochin", after the words 'Ruler of Travancore' and substitute the following words 'and two to be elected by the Devaswom Council.' and,

"Insert the following as sub-clauses (2), (3), (4) and (5) in clause 4.—

(2) The Devaswom Council referred to in sub-section (1) of section 4 shall be composed of Hindu members chosen by direct election.

(3) Hindu electors of each territorial constituency of the Travancore-Cochin State shall elect one member each to the Devaswom Council.

(4) The Government shall make rules for holding the election of members to the Devaswom Council.

(5) The amount incurred as expenditure for the purpose of holding the election to the Devaswom Council shall be a charge under the Devaswom Fund".

Sri. K. R. Elankath: Sir, on a point of order. ഇന്നലെ ശ്രീ. പട്ടം താണുപിള്ള അവതരിപ്പിച്ച ഭേദഗതിതന്നെയാണോ ഇതും. ഇന്നലെ സ്വീകരിക്കാത്ത ഭേദഗതി വീണ്ടും അവതരിപ്പിക്കുന്നു ശരിയാണോ എന്നറിഞ്ഞാൽകൊള്ളാം.

Sri. P. S. Nataraja Pillai: My friend has not read my amendment or Mr. Thanu Pillai's amendment carefully. Mr. Thanu Pilla's amendment is based on the conception of a body elected on adult suffrage which will create the Board and frame rules for its working. I don't mean it. Mr. Thanu Pillai envisages a body to be created on adult suffrage which will frame rules for the functioning of the Board. My amendment is limited to the control of the Board. I want to create a superior body to control the Board. On the other-hand, the position taken up by Mr. Thanu Pillai was that the Hindus in Travancore should elect a Body which will make rules for the creation of the Board defining the powers of the Board. That is not my intention at all. The main idea behind my amendment is this. The Hindu electors of each territorial constituency of the Travancore-Cochin State shall elect one member each to a Devaswom Council. The amount incurred as expenditure for the purpose of holding the election to the Devaswom Council shall be charged under the Devaswom Fund. The Devaswom Council will elect two members to the Devaswom Board and exercise general control over it. Inevitably, Sir, I have again to refer to the very often mentioned argument based on the definition for the Board put in the Bill as a Board constituted in accordance with the Covenant. I don't think that definition is acting as a bar to the discussion of this question in full. The Covenant has been admitted by the Treasury Bench as a treaty or agreement or sanad to which there are parties whose rights have to be safeguarded and that agreement or treaty can be modified only with the consent of the parties. My position, is that today that Covenant is not in force, and it has been repudiated by one of its parties. Government alone is in agreement with the Covenant and wants to implement a portion of the Covenant now. That Covenant has no force as an agreed instrument. A reference to the Covenant about the Sree Padmanabha Swami Temple would show that there is a provision in the Covenant that there shall be a Council constituted to advise the Ruler about the administration of the Temple. Ordinance IX of 1124 has provided like this:

> "There shall be a Committee known by the name of Sree Padmanabha Swami Temple Committee to advise the Ruler of the Covenanting State of Travancore in the discharge of his functions. The Committee shall be composed of the three Hindu members who shall be nominated by the Ruler of the Covenanting State of Travancore, one of them being chosen from a panel of names submitted by the Hindus from among the Council of Ministers". This is section 20. A further provision is made. "The Hindu member chosen

LIBRARY ARCHIVES Kerala Legislative Assembly

by the Ruler of Travancore from among panel of names submitted by the Hindu members of the Council of Ministers shall be the Chairman of the Committee".

That is, section 21. Sir, in Ordinance I of 1950 the same sections occur as 20 and 21. In the Bill placed before the House for our consideration it occurs as clauses 20 and 21. But when it emerged out of the Select Committee, it has taken a different shape. In the revised Bill it is like this:

"The Committee shall be composed of three Hindu members who shall be nominated by the Ruler of Travancore and shall hold office for such terms as he may determine."

The words "one of them being chosen from a panel of names submitted by the Hindus from among the Council of Ministers" are dropped. What I want to place before this House is that according to the terms of the Covenant there ought to be a Committee to advise in the discharge of his functions. If the Covenant has come into force in full that Article of the Covenant also ought to have come into force. It is common knowledge for every Hindu in Travancore that no Council has been constituted to advise the Ruler in the discharge of his functions with regard to the administration of the Sree Padmanabha Swami Temple and that body has not been constituted. Thus, either by expression or by conduct the Ruler of Travancore has repudiated the agreement. The Convenant itself has been held to be not binding or valid by one contracting party. One party to the contract having repudiated that contract that contract does not exist. Further, Sir, this Government itself has by action and consent.....

Mr. Speaker: Any argument advanced to substantiate the position that the Covenant is not valid and is not in force is not pertinent to the question before the House namely, the provisions of this Bill. So, arguments questioning the validity of the Covenant are not relevant for our present purposes and cannot be allowed.

Sri. P. S. Nataraja Pillai: Sir, I take it that the Covenant is an agreed document, a contract entered into by two parties. One party has repudiated it.

Mr. Speaker. Whether we are allowed to go into the question of the validity or otherwise of the Covenant was already raised. The alleged repudiation of the Covenant by one of the parties and its consequences are matters involving complicated questions of law and fact which cannot be and need not be discussed here and now. Here we are concerned only with the provisions of the Bill taking the Covenant as it is.

Sri. A. Thanu Pillai: Sir, on a point of order. May I know whether any decision has been taken by this House that anything that is provided in the Covenant cannot be discussed and dealt with in this House?

Mr. Speaker: So far as this Bill is concerned, I over-ruled all discussions questioning the validity of the Covenant. I am not disposed to allow a repetition of any argument on those lines. The principle of the Bill was discussed and the question whether this Bill was framed in terms of the Covenant was also discussed. Therefore, anything that goes counter to the principles accepted by this House will not be allowed to be discussed again. Perhaps the method of applying the provisions of the Covenant so far as is relevant for the purposes of this Bill may be referred to in the course of the discussions.

Sri. P. S. Nataraja Pillai: Apart from the intrinsic validity of the Covenant I was at the point how the Covenant is enforced. My point is that one portion of it is not applied. When one portion of the agreement is applied in a particular way can I not argue why the other portion is not applied in the same way but in a different way? The provisions of the Covenant has not been literally and in spirit followed. I have clearly proved that Article 8 (b) has not been, followed literally and in spirit. Can I not point it out. That is the position. I was trying to show that by failure of the parties concerned to follow in spirit and letter subclause (a) of Article 8 of the Covenant has not the Hindus the right to ask for a change in the application of para (c) of Article 8. Para (c) envisages a particular composition for the Board. I say let two members be elected by the Devaswom Council proposed by me. We are perfectly within our right in this position under para (c) of the Article 8 of the Covenant. But the committee under para (b) has not been constituted yet. One party has repudiated it and this Government is a consenting party to that. That is evident by the change introduced in the Select Committee. What is envisaged in clause (c) of Article 8 of the Covenant is put forward in clause 4 of this Bill. I plead that Clause 4 should be changed and the right of election of two members should be given to the Devaswom Councils. I am perfectly within my right to do so. When a proposal like this is before the House it is the duty of the House go into

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. S. Nataraja Pillai]

the reasonableness of the proposition as such. It is admitted on all hands that the Board is an executive authority to control the religious institutions of the Hindus. When an executive authority for a religious denomination is to be constituted that right has to go particularly to that religious denomination itself. The particular religious denomination envisaged under this Bill is the Hindu Community as such. Then the Hindus of Travancore must have a right to constitute that Body which will control their institutions. That is their fundamental right under Article 26 of the Constitution. It is quite unjust, way inquitous to take away that right from the Hindus by extraneous influences. It is necessary that body should actually represent the Hindus as such and therefore, I say, Sir, that the Devaswom Council referred to in sub-Section (1) of clause 4 shall be composed of Hindu Members chosen by direct election. This will only be in consonance with the democratic principle which suit the modern times. Therefore, the Members to compose this Devaswom Council which is to create the executive Body should be composed of Hindu Members chosen by direct election. The Hindu electorate of each territorial constituency of the Travancore-Cochin State shall elect one member each to the Devaswom Council. This can be done in a most simple and easy method by asking the Hindu Members of those terrirorial constituencies in Travancore and Cochin to elect one Member for the Devaswom Council. Mr. Thanu Pillai wanted by his amendment to create a new constituency. That is a defferent proposition. My proposition is this. We have got the voters' list which will be prepared during the general election to the Assembly. The only qualification for a person to be a member of the Devaswom Council is that he must be a Hindu. Each territorial constituency will return one Hindu Member also to the Devaswom Council. Then the practical proposition of costs and working arise. Who is to be in charge for making provisions and taking steps to have this election conducted ? In the existing state of afiairs, during this transitional period, to make rules and to take other steps should be the duty of Government. Then regarding the expenditure to be incurred for the purpose of holding elections those expenses should be charged to the Devaswom Fund. For may part, I would say that this is a very modest proposition and a reasonable one too. I earnestly hope that this proposition may be acceptable to the House. As this Bill does not conform to the principle of the Covenant because one party to it has repudiated, this proposition of mine may be given practical effect to. I hope this will receive the kind consideration of the House.

Minister for Education, Labour and Civil Supplies **[Sri. Panampilli Govinda Menon]**: Sir, with respect to amendment No. 60 and other amendments of that kind, I would respectfully draw your attention to Clause 2 (a), which has already been passed. It reads as follows. The Board means the Travancore Devaswom Board Constituted under Chapter II of this Act. Amendment No. 31 moved by my friend Mr. K. P. Nilakanta Pillai wanted to add the word 'and in accordance with the terms of the Covenant' and the House was pleased to accept that amendment.

Sri. A. Thanu Pillai : The amendment was 'in accordance with the Covenant' and not in accordance with 'the terms of the Covenant'. It is a misrepresentation.

Sri. Panampilli Govinda Menon : 'In accordance with the Covenant' means in accordance with the terms of the Covenant.

Sri A Thanu Pillai : I differ from that interpretation.

Sri. Panampilli Govinda Menon : I think so.

Therefore the Covenant has already been a subject matter of discussion before the House. The Covenant may be in force or may not be in force. I wish to concede for the purpose of this submission that the Covenant is not in force. But the House decided yesterday that the Board shall be constituted in accordance with the Covenant which means, according to the terms of the Covenant. Standing Order No. 21 reads as follows: "A motion must not raise a question substantially identical with the one on which the Assembly has come to a decision in the same Session." Therefore with respect to the amendment moved by Mr. Nataraja Pillai and amendment No. 60, which Mr. Das wants to move, I would submit that they affect the constitution of the Board and violates the provisions in the Covenant. We have already taken a decision yesterday, according to the suggestion of the leading member of the opposition that the Board shall be contituted under Chapter II and in accordance with the Covenant. My submission is that Standing Order No. 21 comes into operation and any amendment which seeks to give the Board a constitution different from what is contemplated in

LIBRARY ARCHIVES Kerala Legislative Assembly

the Covenant should not come up for discussion. For instance amendment No. 60 says that the Board shall consist of five members, while the Covenant limits the number to three.

Sri. A. Thanu Pillai: The Hon'ble Minister Sri. P. Govinda Menon referred to the amendment to Clause 2 (a) which was adopted yesterday. He referred to the fact that the amendment came from a Member of the Opposition. At the outset I wish to make it plain that being a Bill relating to religion and religious institutions, the Opposition Party has not made it a Party question as the Congress Party has done, because we felt that this is a matter in which individuals should be allowed to have their opinion. So far as my party is concerned, the amendments are moved by the individual members on their own initiative and therefore no amendment or statement of a particular member should be attributed as coming from the Party. That freedom I thought was necessary and given to the Members of my party.

(Sri. Panampilli Govinda Menon stood up)

Sri. A. Thanu Pillai: Sir, I am not yielding now.

Sri. Panampilli Govinda Menon: That is all-right. That will serve my purpose.

Sri. A. Thanu Pillai: I would like not to be interrupted in the middle of my speech. I shall answer his question, if necessary, at the end of my speech.

Mr. Speaker: The member may proceed.

Sri. A. Thanu Pillai: Sir, when I did not sit down, he ought not to have stood up. That is a right which I can exercise under the Rules.

Now the amedment was accepted yesterday that the Board means the Travancore Devaswom Board constituted under Chapter II of this Act and in accordance with the Covenant. Personally I think that it is a wrong provision to be included in this Bill. Any way, since that is accepted we have to see the scope of it. Now the Covenant provides for a Board for the administration of Devaswoms. The provision in the Covenant is to the effect that the Board will control the Devaswoms. Beyond that it does not fetter us in any way.

Mr. Speaker: I should like to know whether he is speaking for Mr. Nilakanta Pillai or for the Party. The right to offer explanation is usually allowed only to the member who made the motion. If the Hon'ble Member, on behalf of his party, likes to say that the party is not bound by the amendment, that can be allowed. Otherwise explanations must be forth coming from the member concerned.

Sri. A. Thanu Pillai: I was speaking on the motion before the House.

Sri. Panampilli Govinda Menon: Sir, it was a point of order that I have raised.

Mr. Speaker: Yes, it was a point of order, raised on which a ruling will be given.

Sri. A. Thanu Pillai: In regard to that point of order, I may be permitted to make a few observations.

Mr. Speaker: Yes.

Sri. A. Thanu Pillai: Sir, that amendment does not take away our right to interpret the Covenant. The mere reference 'in accordance with the Covenant' would only mean that there is a provision in the Covenant for the constitution of the Board. We are taking note of the Covenant. Beyond that it does not mean anything. It does not bind us to all that is contained in the Covenant nor take away our right to deal with the Covenant in any manner we like. That does not mean that the Legislature has no power to alter the Covenant. That is what I wish to submit. Sir, I wish to speak on the motion.

Mr. Speaker: The question of the admissibility of some of the amendments has been raised in the House. The amendments in the name of Mr. Patchu Pillai and of Mr. Nataraja Pillai have come up for consideration. A ruling has been given in general that amendments directly questioning the validity of the Covenant cannot be allowed in the light of clause 2(a) of the Bill passed by the House and Article 8 (h) of the Covenant. Some of these amendments having a tendency to question the validity of the Covenant were allowed to be moved so as to give the movers of those amendments a chance to offer, if possible, their modified suggestions for

LIBRARY ARCHIVES Kerala Legislative Assembly

[Mr. Speaker]

the practical working of the provisions of this Bill in a manner not inconsistent with the Covenant and the provisions of this Bill already accepted by the House. But in the discussions on the amendments this point does not appear to have been kept in view by the Hon'ble members concerned. The motion already allowed and now under discussion may, however continue.

ശ്രീ. മന്നത്തു പത്മനാഭൻ: മലയാളത്തിൽ പറഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സ്പീക്കർ: മലയാളത്തിൽ പറയുന്നതിനും വിരോധമില്ല. എന്നാൽ ഇപ്പോൾ ഇംഗ്ലീഷിൽ പറഞ്ഞുവെന്നേയുള്ളൂ.

Sri. A. Thanu Pillai: Sir, I want to speak on these motions. May I do so now or after the Minister has spoken?

Mr. Speaker: The member may speak now.

Sri. A. Thanu Pillai: Sir, a good deal is sought to be made with regard to this Covenant. With your permission, Sir, I would like to bring to your notice one more matter. Taking the most favourable view of the Covenant, can it be anything more than a law? Let us take it that the Covenant entered into by the sovereign,—according to me, it does not get the validity that a law generally has—let us take the extreme view of the Covenant and take it as a law. Can it have more validity than that? Let us take it that that law was enacted under particular circumstances.

Sri. K. R. Elankath: Is not the hon'ble member twisting the ruling of the Chair?

Sri. A. Thanu Pillai: Why should the member be nervous, Sir? I am not in the habit of twisting.

Let us take it that it is law—that is the most favourable view that we can give it. The Covenant provides in Art: 10 (4).

"The Legislature of the United State shall, subject to the provisions of this Covenant, have full power to make laws for the United State, including provisions as to the Constitution of the United State, within the framework of this Covenant and the Constitution of India."

When the Covenant was executed, the Maharaja of Travancore and the Maharaja of Cochin could only say that the Legislature of the United State can make laws subject to the provisions of the Covenant. But when a new Legislature has come in, I ask: have we not got the right to change any law passed by anybody in Travancore and Cochin, subject, of course, to the provisions of the Constitution. Let us take it that the Covenant is law. We are at liberty to change that law. That should be done only in accordance with the Constitution. It should go before the Rajpramukh and in suitable cases before the President of India. Subject to that, we have got the power to enact a law or make any change in an existing law. More than that what right have any Ruler of Travancore or Cochin got? Why should we go out of the way?

So far as these temples are concerned, there is some peculiar sanctity, I can understand. Suppose we take it that we are enacting a law dealing with the provisions of the Covenant. This is a law with the supplemental law called Ordinance. This Legislature has got the power to enact any law changing that Ordinance. Suppose we are dealing with an Act which is in existence, which contemplates the formation of a Board, it does not mean that we cannot make a change in that law. We are at liberty to amend and to make changes in that Board. When that is the view, Sir, I am really surprised that this Legislature is asked to take a view, in this democratic country, that this body has not got the power. You will not find such a plea raised in any democratic country. We are asked to be within the four corners of a document, which document has no more validity.

Therefore, we are at full liberty in spite of the reference to the Covenant, to modify the Covenant. The amendment only seeks to make it as democratic as possible. I put forward a motion yesterday, but it was not accepted. That was not due to the feeling that the Covenant did not allow it. It was on the ground that this House has pronounced its verdict. That does not stand in my way. I tried to introduce an amendment which I considered to be on a sufficiently democratic basis. That was not accepted. Here is a motion sought to be introduced by Mr. Nataraja Pillai which is probably less democratic because he wants one member to be nominated by the Rajpramukh and two others by the Legislature. I support it. If that also falls, then I will support the motion that the members be elected from out of the territory

LIBRARY ARCHIVES Kerala Legislative Assembly

known as Travancore and Cochin so that the electioneering will be limited. Why not the electorate be similarly narrow ?

That is all what I have to say in regard to this matter.

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ ഈ രണ്ടു ഭേദഗതികളേയും എതിർക്കുന്നു. അതിനുള്ള കാരണങ്ങളും വിശദമാക്കണമെന്നും ഞാൻ അഭ്യർഥിക്കുന്നുണ്ട്. ആദ്യമായി ശ്രീമാൻ താണുപിള്ള അവർകളുടെ വാദത്തിനു മറുപടി പറയണമെന്നു ഞാൻ വിചാരിക്കുന്നു. കവനൻറിനു പ്രാബല്യമുണ്ടെങ്കിൽതന്നെയും ഒരു നിയമത്തിൻെറ പ്രാബല്യത്തിൽ കൂടുതലായി അതിനു കല്പിക്കാവുന്നതല്ലെന്നായിരുന്നു അദ്ദേഹത്തിൻെറ വാദഗതി. ആ നിലയിൽ ആ നിയമത്തെ ഭേദപ്പെടുത്തുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരം നിയമസഭയ്ക്ക് ഉണ്ടായിരിക്കുമെന്നും അദ്ദേഹം വാദിക്കുകയുണ്ടായി. എനിക്കു അതിനു പറയാനുള്ള മറുപടി ഇതാണു്. ഒരു നിയമമായി കവനൻറിനെ പരിഗണിക്കപ്പെടുന്നപക്ഷം ക്ലാസ്സ് രണ്ടിലെ ഭേദഗതി സ്വീകരിച്ചിരിക്കുന്നതോടുകൂടി ആ നിയമവും ഈ നിയമസഭ സ്വീകരിച്ചിരിക്കുന്നതായി വിചാരിക്കണമെന്നാണു്. ആ നിയമമനുസരിച്ചായിരിക്കും ദേവസ്വം ബോർഡ്സ് കാൺസ്റ്റിറ്റ്യൂട്ട ചെയ്യുന്നതു്. അതിൻെറ ശ്രുപീകരണത്തെ വളരെ വ്യക്തമായ ഭാഷയിൽ ഈ സഭ സമ്മതിച്ചിട്ടുള്ളതാണു്. നിയമം റദ്ദാക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ പകരം ആ നിയമത്തെ ഞങ്ങൾ അംഗീകരിക്കുന്നുവെന്നു വളരെ അനുസന്ദിഗ്ദ്ധമായ ഭാഷയിൽ പ്രഖ്യാപനം ചെയ്തശേഷം ആ അളുകൾ തന്നെ ആ നിയമത്തെ റദ്ദാക്കണമെന്നു പറയുന്നതിൽ ഔചിത്യമില്ലെന്നും അതു തെറ്റാണെന്നുമാണു് എനിക്കു പറയുവാനുള്ളതു്. അദ്ദേഹത്തിൻെറ വേറൊരു വാദം ഈ നിയമസഭയ്ക്കു നിയമം ഉണ്ടാക്കുന്നതിനുള്ള അവകാശം ഉണ്ടെന്നുള്ളതായിരുന്നു. ആ അവകാശത്തെ ഞാൻ ഒരു നിമിഷം പോലും ചോദ്യം ചെയ്യുന്നില്ല. എന്നാൽ നാം ഇവിടെ സ്വീകരിച്ചിട്ടുള്ള ഭേദഗതിയുടെ വെളിച്ചത്തിൽ എനിക്കു പറയാനുള്ളതു ഇതു മാത്രമാണു്. ദേവസ്വം ബോർഡിനെപ്പറ്റി പറയുന്ന ആർട്ടിക്കിൾ വ ക്ലാസ്സ് 'എച്ച്' ഇങ്ങനെയാണു്.

"Subject to the provisions of this Article, the constitution, powers and duties of the Boards aforesaid shall be such as may be determined hereafter by law enacted by competent authority." ഈ 'എച്ച്' ഉപവകുപ്പിൻെറ വെളിച്ചത്തിലും രണ്ടാംവകുപ്പിനെ സംബന്ധിച്ചു് നാം സ്വീകരിച്ചിട്ടുള്ള ഭേദഗതിയെ അടിസ്ഥാനമാക്കിയും സംസാരിക്കുന്ന പക്ഷം ഈ നിയമസഭയ്ക്കു് ആ നിയമത്തെ ഭേദപ്പെടുത്തുന്നതിനുള്ള അധികാരം ഉണ്ടായിരുന്നെങ്കിൽ തന്നെയും ആ അധികാരം ഉപയോഗിക്കേണ്ട എന്നു ഈ നിയമസഭ സമ്മതിച്ചതായി വിചാരിക്കണമെന്നാണു് എനിക്കു പറയാനുള്ളതു്.

ശ്രീ. നടരാജപിള്ള അവർകളും ഒരു നിയമജ്ഞൻെറ നിലയിൽ വേറൊരു വാദം പുറപ്പെടുവിക്കുകയുണ്ടായി. അതായതു കവനൻറിലെ ഒരു കക്ഷിയായ ഈ ഗവൺമെണ്ടുതന്നെ അതിലെ വ്യവസ്ഥകൾക്കു വിപരീതമായി പ്രവർത്തിച്ചിരിക്കുന്നുവെന്നും, അതുകൊണ്ടു് ആ കവനൻറ് ദുർബ്ബലപ്പെട്ടുപോയിയെന്നും, ആ സ്ഥിതിക്കു് കവനൻറിലെ വ്യവസ്ഥകളെ അവഗണിച്ചു പ്രവർത്തിക്കുന്നതിനുള്ള അധികാരം നിയമസഭയ്ക്കു് ഉണ്ടെന്നുമാണു്. അതിൽ അടിസ്ഥാനമില്ല. ക്ലാസ്സ് വ (ബി) ഒന്നുകൂടി വായിച്ചുനോക്കണമെന്നു ബഹുമാനപ്പെട്ട അംഗങ്ങളോടു ഞാൻ ആവശ്യപ്പെടുന്നു. കവനൻറിൽ ഒരു പാനൽ വേണമെന്നും ആ പാനൽ കൗൺസിൽമാഫ്മിനിസ്റ്റേഴ്സ്സ് നിർദ്ദേശിക്കണമെന്നും.....

Sri. P. S. Nataraja Pillai: Is there a Committee to advise the Ruler of Travancore in this matter ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ ചോദ്യത്തിനു ഇപ്പോൾ പ്രസക്തിയില്ല.

Sri. P. S. Nataraja Pillai: Is the party to the Covenant the Ruler of Travancore State or the Government of Travancore State.

ശ്രീ. ടി. കെ. നാരായണപിള്ള: അതിൻെറ സൂക്ഷ്മമായ വിവരങ്ങൾ എൻെറ കൈവശമില്ലാത്തതുകൊണ്ടു് അതിനു ഇപ്പോൾ മറുപടി പറയാൻ സാദ്ധ്യമല്ല. ഈ കവനൻറിലെ വ്യവസ്ഥയനുസരിച്ചു് ഒരു പാനൽ നിയമിക്കണമെന്നും ആ പാനൽ മന്ത്രിസഭ തന്നെ നിയമിക്കണമെന്നും യാതൊരു വ്യവസ്ഥയും കവനൻറിലില്ല. ആർഡിനൻസിൽ വ്യവസ്ഥകളുണ്ടെങ്കിൽ അതു സംബന്ധിച്ചുള്ള നടപടികൾ നടത്തിയിരിക്കാം, നടത്തിയിട്ടില്ലായി

LIBRARY ARCHIVES Kerala Legislative Assembly

[Sri T. K. Narayana Pillai.]

രിക്കാം. എന്നാൽ കവനൻറിലെ വ്യവസ്ഥകൾക്ക വിപരീതമായി ഇതഗവൺമെണ്ട പ്രവത്തിച്ചിട്ടണ്ടെന്നപറയുന്നതിൽ യാതൊരുഅടിസ്ഥാനവുമില്ലെന്നാണ് എനിക്കപറയുവാനുള്ളത്. അതുകൊണ്ട് കവനൻറിലെകക്ഷികൾ എല്ലാംതന്നെ കവനൻറിലെ വ്യവസ്ഥകളെ ആശ്രയിച്ചും ബഹുമാനിച്ചും വരികയാണെന്നാണ ഞാൻ പറയുന്നത്. ആ നിലയിൽ സാങ്കേതികമായഅഭേഹത്തിൻെറ വാദത്തിനും അടിസ്ഥാനമില്ല.

ശ്രീ. ടി. കെ. നാരായണപിള്ള: റൂളർ ആഫ് ട്രാവൻകൂറും അതിനെ സ്വീകരിച്ചുവരികയാണെന്നാണ എനിക്ക പറയുവാനുള്ളത്. ഒരു കമ്മിറ്റിയെ നിയമിച്ചിട്ടില്ല എന്നുള്ളത വാസ്തവമാണെങ്കിൽതന്നെ റൂളർ ഓഫ് ട്രാവൻകൂർ കവനൻറിലെ വ്യവസ്ഥകൾക്ക വിപരീതമായി പ്രവത്തിച്ചു എന്ന നിഗമനത്തിൽ എത്തിയതായി പറയാൻ നിവത്തിയില്ല.

ശ്രീ. മന്നത്തു പത്മനാഭൻ: ഈ കവനൻറിലെ വ്യവസ്ഥ അനുസരിച്ച് ഏതു ഹിന്ദു അംഗത്തിനും ബോർഡംഗമായി നിൽക്കാം എന്നു പറഞ്ഞിട്ടില്ലെ?

ശ്രീ. ടി. കെ. നാരായണപിള്ള: ഏതു് അംഗത്തിനും നിൽക്കാം. പക്ഷെ യോഗ്യതകൾ തീരുമാനിക്കുന്നതിനുള്ള അധികാരം തീർച്ചയായും നിയമസഭക്കാണുള്ളത്.

Sri. D. Gnanasigamoni: Am I to understand that the provisions of the Covenant can override the provisions of the Indian Constitution?

ശ്രീ. ടി. കെ. നാരായണപിള്ള: എന്നു ഞാൻ ഒരിക്കലും പറഞ്ഞില്ല.

മേൽ പറഞ്ഞ കാരണങ്ങളാലാണ ഞാൻ മി. പി. എസ്സ്. നടരാജപിള്ളയുടെ ഭേദഗതിയെ എതിർക്കുന്നത്. ശ്രീമാൻ പാച്ചുപിള്ളയുടെ ഭേദഗതിയും കവനൻറിലെ വ്യവസ്ഥകൾക്ക വിപരീതമാണ്. അതിൽ ഇങ്ങിനെയാണ് പറഞ്ഞിരിക്കുന്നത്.

Sub-clause (*h*) of Article 8 of the Covenant reads:

"Subject to the provisions of this Article, the constitution, powers and duties of the Boards aforesaid shall be such as may be determined hereafter by law enacted by competent authority".

ശ്രീമാൻ പാച്ചുപിള്ളയുടെ ഭേദഗതി സ്വീകരിക്കുന്നപക്ഷം തിരുവിതാംകൂറിലെ ദേവസ്വംബോർഡിലേക്കുള്ള തിരഞ്ഞെടുപ്പ നടത്തുന്നതിനുള്ള അവകാശം ഈ നിയമസഭയിലുള്ള തിരുവിതാംകൂറിലെ ഹിന്ദു മെമ്പറന്മാക്കും കൊച്ചിയിലെ ദേവസ്വംബോർഡിലേക്കുള്ള അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഈ നിയമസഭയിലെ കൊച്ചി ഹിന്ദു മെമ്പറന്മാക്കും അവശേഷിക്കുന്നതാണ്. അതും കവനൻറിലെ വ്യവസ്ഥകൾക്ക വിപരീതമാണ്. കവനൻറിലെ വ്യവസ്ഥ ഇതിനകം സ്വീകരിച്ചിട്ടില്ല എന്നു പറഞ്ഞു. എന്നാൽ കവനൻറിലെ വ്യവസ്ഥ അനുസരിച്ചു ആണ ഈ ക്ലാസ്സ് രണ്ടിൽ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. എൻെറ സ്നേഹിതൻ ശ്രീ. കെ. പി. നീലകണ്ഠപിള്ള കൊണ്ടുവന്ന ഭേദഗതിയാണിത്. അതു ഈ നിയമസഭ സ്വീകരിച്ചിട്ടുമുണ്ട്. ഇക്കാരണങ്ങളാൽ ഈ രണ്ടു ഭേദഗതികളേയും ഞാൻ എതുക്കുന്നു.

The amendments Nos. 70 and 71 of Sri. P. S. Nataraja Pillai were put and lost.

Mr. Speaker: Sri Patchu Pillai's amendment is also subject to the objection raised by the Honourable Minister.

Sri. T. K. Narayana Pillai: His amendment No. 57 has not been put to vote.

Mr. Speaker: So, amendment No. 57 will be put to vote now. The question is that:

In clause 4 (1), line 6, take off the full stop after the word 'Cochin' and add 'elected from out of the territory known as Travancore prior to the first day of July 1949'.

The amendment was negatived

Mr. Speaker: In view of the vote of the House on amendment No. 57, does the Hon'ble Member wish to move amendment No. 58?

Sri. A. K. Patchu Pillai: That relates to a different matter.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : The amendment reads thus : " In clause 4 (1), line 2, after 'members' add 'who have declared themselves as believers in temple worship." That principle was discussed here several times. So far as this principle is concerned, this principle of dividing the people into two categories *viz.*, those who believe and the non-believers in temple worship,—has been discussed.

